# Visit of H.E. Mr. Péter Szijjártó, Minister of Foreign Affairs & Trade (MFAT), Hungary to India (May 26-27 2022)

May 27, 2022

---

## ഹംഗറിയുടെ വിദേശകാര്യ, വ്യാപാര മന്ത്രി (MFAT), പീറ്റർ സിജാർട്ടോയുടെ ഇന്ത്യ സന്ദർശനം (മെയ് 26-27 2022)

2022 മെയ് 27

1.വിദേശകാര്യ മന്ത്രി (ഇഎഎം) ഡോ. എസ് ജയശങ്കറിന്റെ ക്ഷണപ്രകാരം ഹംഗറിയുടെ വിദേശകാര്യ, വ്യാപാര മന്ത്രി പീറ്റർ സിജാർട്ടോ, 2022 മെയ് 26-27 തീയതികളിൽ ഔദ്യോഗിക സന്ദർശനത്തിനായി ഇന്ത്യയിലെത്തി. അദ്ദേഹത്തോടൊപ്പം ഒരു ഉന്നത ബിസിനസ് പ്രതിനിധി സംഘവും ഉണ്ടായിരുന്നു.

2. പരസ്പര വിശ്വാസത്തിലും ധാരണയിലും അധിഷ്ഠിതമായ ഊഷ്മളവും ചരിത്രപരവുമായ ബന്ധം ഇന്ത്യയും ഹംഗറിയും പങ്കിടുന്നു. ഉഭയകക്ഷി ബന്ധങ്ങൾ സ്ഥാപനങ്ങൾ, അക്കാദമികൾ, സംസ്കാരം, വ്യക്തിഗത ബന്ധങ്ങൾ എന്നിവയുൾപ്പെടുത്തി ശക്തമായി അടയാളപ്പെടുത്തിയിരിക്കുന്നു.

3. രണ്ട് മന്ത്രിമാരും, പ്രതിനിധി തല ചർച്ചകളിൽ, രാഷ്ട്രീയ, സാമ്പത്തിക, സാംസ്കാരിക, വ്യക്തിഗത ബന്ധങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ഉഭയകക്ഷി ബന്ധങ്ങളുടെ മുഴുവൻ വശങ്ങളും ചർച്ച ചെയ്തു. ഉക്രെയ്ൻ-ഹംഗറി അതിർത്തിയിലൂടെ 6000-ലധികം ഇന്ത്യൻ പൗരന്മാരെ ഒഴിപ്പിക്കാൻ സൗകര്യമൊരുക്കിയതിനും ഹംഗേറിയൻ സർവ്വകലാശാലകളിൽ കുടിയൊഴിപ്പിക്കപ്പെട്ട ഇന്ത്യൻ മെഡിക്കൽ വിദ്യാർത്ഥികളെ പാർപ്പിക്കാനുള്ള അവരുടെ വാഗ്ദാനത്തിനും വിദേശകാര്യമന്ത്രാലയം ഹംഗേറിയൻ സർക്കാരിന് നന്ദി പറഞ്ഞു.

4. ഉഭയകക്ഷി വ്യാപാരം 1 ബില്യൺ യുഎസ് ഡോളറിലേക്ക് അടുക്കുന്നുവെന്നും ഹംഗറിയിലെ ഇന്ത്യൻ നിക്ഷേപം മേഖലകളിലുടനീളം വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നും മന്ത്രിമാർ അഭിപ്രായപ്പെട്ടു. ജലം, കൃഷി, ഭക്ഷ്യ സംസ്കരണം, ആരോഗ്യം, എസ് & ടി എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ കൂടുതൽ അവസരങ്ങൾ പര്യവേക്ഷണം ചെയ്യാനും ഇരുപക്ഷവും സമ്മതിച്ചു. ഇന്റർനാഷണൽ സോളാർ അലയൻസ് ഫ്രെയിംവർക്ക് കരാറിലും ഹംഗേറിയൻ വിഭാഗം ഒപ്പുവച്ചു.

5. ഇരുപക്ഷവും സാംസ്കാരിക ബന്ധങ്ങളെ കുറിച്ചും ചർച്ച ചെയ്യുകയും ആസാദി കാ അമൃത് മഹോത്സവത്തിന്റെ ആഘോഷങ്ങളും 2023 ൽ നയതന്ത്രബന്ധം സ്ഥാപിച്ചതിന്റെ 75 വാർഷികത്തിൽ പ്രതീക്ഷയർപ്പിക്കുകയും ചെയ്തു.

6. ആഗോള സാമ്പത്തിക സ്ഥിതി, ഇന്ത്യ-യൂറോപ്യൻ യൂണിയൻ ബന്ധങ്ങളിലെ സംഭവവികാസങ്ങൾ, ഇന്തോ-പസഫിക്, അഫ്ഗാനിസ്ഥാൻ, ശ്രീലങ്ക, ഉക്രെയ്ൻ എന്നിവയെക്കുറിച്ചും ഇരുപക്ഷവും കാഴ്ചപ്പാടുകൾ കൈമാറി.

7. ഒരു ഇന്ത്യ-ഹംഗറി ബിസിനസ് ഫോറത്തിനു , വിദേശകാര്യ മന്ത്രി സിജാർട്ടോയും ഇന്ത്യൻ വിദേശകാര്യ സഹമന്ത്രി മീനാകാശി ലേഖിയും സഹ അധ്യക്ഷത വഹിച്ചു, 2022 മെയ് 27 ന് നടന്ന ചടങ്ങിൽ ഇരു രാജ്യങ്ങളിലെയും മുതിർന്ന ബിസിനസ്സ് നേതാക്കൾ പങ്കെടുത്തു.വിദേശകാര്യ മന്ത്രി സിജാർട്ടോ ബിസിനസ് ഫോറത്തിനിടയിൽ രണ്ട് വാണിജ്യ കരാറുകളിൽ ഒപ്പുവച്ചു. , ഭവന & നഗരകാര്യ, പെട്രോളിയം& പ്രകൃതിവാതകം എന്നെ വകുപ്പുകളുടെ ചുമതലയുള്ള മന്ത്രി ശ്രീ ഹർദീപ് സിങ് പുരിയെ കാണുകയും ഇരു രാജ്യങ്ങളും തമ്മിലുള്ള ഊർജ മേഖലയിലെ സഹകരണം ചർച്ച ചെയ്യുകയും ചെയ്തു.

ന്യൂ ഡെൽഹി
2022 മെയ് 27

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.